

# വിടരുന്ന മൊട്ടുകൾ




# ക്രേവൻ എൽ.എം.എസ്.എച്ച്.എസ്
# കൊല്ലം

# താളുകൾ മറിക്കുമ്പോൾ



ആശംസ
ഗുരുവന്ദനം
ആനയും കുരങ്ങും
ലിറ്റിൽ കൈറ്റ്സ് ക്രേവൻ
തക്കാളിയും പച്ചമുളകും
മഹത് വചനങ്ങൾ
പാവപ്പെട്ട ഭൂതം
അമ്മ
ചിത്രരചന
ഓർമ്മകൾ
നവകേരളം എന്റെ ഭാവനകൾ
സഖീ
ചിത്രരചന
കുസൃതി ചോദ്യങ്ങൾ
കൃതജ്ഞത



വിവരവിനിമയ സാങ്കേതികവിദ്യ ഇന്നു അതിവേഗം വളർന്നു കൊണ്ടിരിക്കുന്നു. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് ആധുനിക വിദ്യാഭ്യാസത്തിനും മാറ്റം വന്നു കൊണ്ടിരിക്കുന്നു. പുതിയ പുതിയ ആശയങ്ങൾ, കണ്ടുപിടുത്തങ്ങൾ, പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യയുടെ ഭാഗമായി വളർന്നു വരുന്നു. അനന്തമായ പല സാധ്യതകളുടേയും കലവറയാണ് ഈ മേഖല. ഈ സാങ്കേതിക വിദ്യയിലൂടെ ലഭ്യമാകുന്ന വിദ്യാഭ്യാസം എല്ലാ രീതിയിലും നന്മയിലേക്ക് നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിലുള്ള ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിൽ എല്ലാ ആശംസകളും നേരുന്നു.

**ഗ്രേസ് ജോർജ്ജ്**


**ഹെഡ്മിസ്ട്രസ്**

# ഗുരുവന്ദനം

ഇടവപ്പാതി തിമിർത്തു പെയ്യുന്ന കാലം. പള്ളിക്കൂടത്തിലെ ആദ്യ ദിനം. ക്ലാസ്സിലേക്ക് ടീച്ചർ കൊണ്ടു പോയി. നീളമുള്ള ചുരുണ്ട മുടിയുള്ള ടീച്ചർ. മനോഹരമായ ചിരിയായിരുന്നു ടീച്ചറുടേത്. പക്ഷേ എനിക്ക് ചിരി വന്നില്ല. എല്ലാ കുട്ടികളെയും പോലെ ഞാനും ക്ലാസ്സിൽ കരഞ്ഞു കൊണ്ടിരുന്നു. വരുന്നവർ പിന്നാലേ കരയുമ്പോൾ ഞാനും അവർക്കൊപ്പം ചേർന്നു കരയും. ടീച്ചർ എല്ലാവരുടെയും അടുത്തേക്ക് വന്നു, പേരുകൾ ചോദിച്ചു, കവിളിൽ തലോടി, തേൻ മിഠായി തന്നു.ഞാൻ മനസ്സിൽ പറഞ്ഞു പാവം ടീച്ചർ

കാക്കേ കാക്കേ കൂടെവിടെ... എന്ന കവിത ടീച്ചർ പാടി. കൂടെ ഞങ്ങളും പാടി. എനിക്ക് ടീച്ചറിന്റെ പേരറിയണമെന്ന് ഉണ്ട്. പക്ഷേ ആര് ചോദിക്കും. എന്തും വരട്ടെ ഞാന് ചോദിച്ചു. ടീച്ചർ ഒരു ചിരിയോടെ എന്നെ ചേർത്തു നിർത്തി .തലമുടിയിൽ വിരലുകളോടിച്ചു കൊണ്ട് പറഞ്ഞു രാജമ്മ. എനിക്ക് ടീച്ചറിനോട് സ്നേഹം തോന്നി. ആദ്യാക്ഷരം പകർന്നുതന്ന ടീച്ചർ. എനിക്ക് മാതൃക പകർന്നു നൽകിയ ടീച്ചർ. അറിവിന്റെ വിശാലതയിലേക്ക് കൈപിടിച്ചു നടത്തിയ ടീച്ചർ. എന്റെ ഓർമ്മകളിലിന്നും പച്ച പിടിച്ചു നിൽക്കുന്നു. എന്റെ പ്രിയ ടീച്ചർ എനിക്കേറെ പ്രിയപ്പെട്ട രാജമ്മ ടീച്ചര്. ഓരോ അധ്യാപക ദിനത്തിലും ആ ധന്യ ജിവിതത്തെ സ്മരിക്കും എന്നും എന്നോടൊപ്പം പ്രിയടീച്ചര് ഉണ്ടാകും

# ആനയും കുരങ്ങും



ഒരിടത്ത് ഒരു വനത്തില് ധാരാളം പക്ഷികളും മൃഗങ്ങളും ഒരുമിച്ച് താമസിച്ചിരുന്നു.നല്ല ഫലങ്ങള് ഉള്ള ആവനത്തിലൂടെ നടക്കുമ്പോള് ഒരു ദിവസം കുരങ്ങന് ഒരു വാഴപ്പഴം കിട്ടി. സന്തോഷത്തോട് ആ വാഴപ്പഴവുമായി അങ്ങോട്ടും ഇങ്ങോട്ടും നടന്നു .ഇതു കണ്ടു നിന്ന ആന വളരെ കൊതിയോട് കുരങ്ങന്റെ അടുത്ത് ചെന്ന് ചോദിച്ചു എനിക്ക് ഒരു വാഴപ്പഴം തരുമോ?അപ്പോള് ആ കുരങ്ങ് പറഞ്ഞു ഇത് ഞാന് ആര്ക്കും തരത്തില്ല ഇത് എനിക്ക് കിട്ടിയതാണ് അവന് അത് ആര്ക്കും കൊടുക്കാതെ മുഴുവനും തനിയെ തിന്നു.ആനക്ക് ഭയങ്കര സങ്കടമായി ആന വളരെ സങ്കടത്തോട് കിടന്നു ഉറങ്ങി.അങ്ങനെ ഒരിക്കല് ആന കാട്ടിലൂടെ നടന്നു വരുമ്പോള് എവിടെയോ ഒരു ശബ്ദം ഒരു കരച്ചിലിന്റെ ശബ്ദം ആന ഓടിച്ചെന്നുനോക്കിയപ്പോള് കണ്ടത് ആ കുരങ്ങ് ഒരു കുളത്തില് വീണു കിടക്കുന്നു.ആന ഒന്നും ചിന്തിക്കാതെ പെട്ടെന്നുതന്നെ തന്റെ തുമ്പിക്കൈ നീട്ടി കുരങ്ങിനെ രക്ഷിച്ചു.എന്നിട്ട് ആന ചോദിച്ചുനീഎങ്ങെനെയാണ് കുളത്തില് വീണത്?അപ്പോള് ആ കുരങ്ങ് പറഞ്ഞു ആ കുളക്കരയില് നില്ക്കുന്ന മാവില്നിന്ന് മാങ്ങ പറിക്കുവാന് കയറിയപ്പോള് കാല് വഴുതി വീണതാണ്.അതു കേട്ടപ്പോള് ആന പറഞ്ഞു,മാങ്ങ ഞാന് പറിച്ചു തരാം അപ്പോള് ആ കുരങ്ങ് പറഞ്ഞു ഞാന് നിന്നോട് കാണിച്ച തെറ്റിന് ക്ഷമ ചോദിക്കുന്നു. ആന തന്റെ തുമ്പിക്കൈനീട്ടി ആ മാങ്ങ പറിച്ചുകൊടുത്തു.അതിന്റെ ഒരു പങ്ക് ആനയ്ക്കും കൊടുത്തു.പിന്നീട് അവര് രണ്ടുപേരും സന്തോഷത്തോട് ആ കാട്ടില് കഴിഞ്ഞു.



**ശ്യാം 6B**

# ലിറ്റിൽ കൈറ്റ്സ് കുടുംബം






# തക്കാളിയും പച്ചമുളകും

ഒരു ദിവസം തക്കാളി പച്ചമുളകിനോട് പറഞ്ഞു നിന്നേക്കാള് സൗന്ദര്യം എനിയ്ക്കാണ് അപ്പോള് പച്ചമുളക് അത് കാര്യം ആക്കിയില്ല പക്ഷേ തക്കാളി എപ്പോഴും പച്ചമുളകിനെ വഴക്കു പറയുമായിരുന്നു പച്ചമുളകിന് തക്കാളിയെ വലിയ ഇഷ്ടമാണ് തക്കാളിക്ക് പച്ചമുളകിനോട് ദേഷ്യമാണ് സ്വന്തം കൂട്ടുകാരിയെപോലെയാണ് പച്ചമുളക് തക്കാളിയെ സ്നേഹിക്കുന്നത് പക്ഷേ തക്കാളിയോ പച്ചമുളകിനെ വെറുക്കുകയാണ് ചെയ്യുന്നത് ഒരു ദിവസം തക്കാളി വീട്ടില് ഇരിക്കുകയായിരുന്നു  അപ്പോള് അടുക്കളയില് ഒരു ശബ്ദം കേട്ടു തക്കാളിഓടി ചെന്നുനോക്കിയപ്പോള് ഒരു എലി ആ എലി അവളെ കടിയ്ക്കാന് വന്നു അവള് അലറി കരഞ്ഞു ആ ശബ്ദം കേട്ട് പച്ചമുളക് ഓടി എത്തി തക്കാളിയെ കടിയ്ക്കാന് നില്ക്കുന്ന എലിയെ കണ്ടു അപ്പോള് പച്ചമുളക് എലിയോട് പറഞ്ഞു നീ അവളെ കടിക്കാതെ എന്നെ കടിക്കാന് പറഞ്ഞു അതു കേട്ടു എലി പച്ചമുളകിനെ കടിച്ചു എലിയുടെ വായ് എരിഞ്ഞു അവിടെനിന്നു ഓടിപ്പോയി തക്കാളി അപ്പോള് പച്ചമുളകിനോട് പറഞ്ഞു നിന്നെ എപ്പോഴും ഞാന് വഴക്കു പറഞ്ഞിട്ടും നിനക്കെന്നോട് ഇത്രയും സ്നേഹം ഉണ്ടെന്ന് ഞാന് അറിഞ്ഞില്ല എന്നോട് ക്ഷമിക്കു അതിനു തക്കാളി കുഴപ്പമില്ല ഇനി നമ്മള് എന്നും കൂട്ടുകാരായി ജീവിക്കാം





# മഹത് വചനങ്ങൾ

സമുദ്രജലത്തിലെ ഏതാനും
തുള്ളികൾ മലിനമായാൽ
സമുദ്രം മുഴുവൻ മലിനമാകില്ല.

നിങ്ങൾ മനുഷ്യനായതു കൊണ്ട്
മാത്രം വലിയവനാകുന്നില്ല.
മനുഷ്യത്വമുള്ളവനാകുമ്പോഴാണ്
വലിയവനാകുന്നത്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം.

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

മഹാത്മാഗാന്ധി

ശിവപ്രഭ പി
9A



# പാവപ്പെട്ട ഭൂതം

ഒരിടത്ത് ഭൂതങ്ങളുടെ ഒരു കോട്ടയുണ്ടായിരുന്നു അവിടെ ധാരാളം ഭൂതങ്ങളുണ്ടായിരുന്നു ഒരു ദിവസം ഭൂതങ്ങളെല്ലാം രാത്രി മനുഷ്യരെ ഭയപ്പെടുത്തുവാൻ പോയി അതിൽ ഒരു ഭൂതം പാവമായിരുന്നു അവന് എല്ലാവരേയും പേടിയായിരുന്നു ആരേയും ഭയപ്പെടുത്തുകില്ലായിരുന്നു ഒരു ദിവസം ഭൂതങ്ങളുടെ രാജാവായ ദയങ്കരൻ ഈ പാവപ്പെട്ട ഭൂതത്തെ ഭൂതരാജ്യത്തുനിന്ന് പുറത്തേക്ക് തള്ളിവിട്ടു അങ്ങനെ അലഞ്ഞുതിരിഞ്ഞുരാത്രിയായി പാവപ്പെട്ട ഭൂതം ഒരു മരച്ചില്ലയിൽ കിടന്നുറങ്ങി അപ്പോൾ അതുവഴി തന്ത്രവും മന്ത്രവും അറിയാവുന്ന ഒരു വലിയ മാന്ത്രികൻ വന്നു അതേ മരത്തിച്ചുവട്ടിൽ വന്നു കിടന്നു .പാവപ്പെട്ട ഭൂതം ഭയങ്കര സ്വപ്നം കണ്ടു താഴെ വീണു ഉം താന്ത്രികൻ മാന്ത്രികൻ എന്നു പറഞ്ഞിട്ടെന്തു കാര്യം പേടിച്ചു വിറച്ചു പോയി മാന്ത്രികൻ അവിടെനിന്ന് ഓടെടാ ഓട്ടം തുടങ്ങി ഇതെല്ലാം കണ്ടുകൊണ്ടിരുന്ന മൂങ്ങ ഈ കര്യമെല്ലാം ഭൂതരാജാവായ ഭയങ്കരനോട് പറഞ്ഞു.അപ്പോൾ ആ പാവപ്പെട്ട ഭൂതത്തെ തിരിച്ചു വിളിച്ചു എന്നിട്ട് ആ ഭൂതരാജ്യത്തിലെ എല്ലാ ഭൂതങ്ങളും പാവപ്പെട്ട ഭൂതത്തോട് മാപ്പു പറഞ്ഞു.എല്ലാവരും ഒരുമിച്ചു താമസിച്ചു നല്ല ഭൂതങ്ങളായി മാറി.

അജ്ഞന ദേവി
6B



# അമ്മ

ഭാഷയാണെന്നമ്മ

ദേശമാണെന്നമ്മ

വിദ്യയുമെന്നമ്മ

പെറ്റമ്മ പോറ്റമ്മ

എല്ലാമെന്നമ്മ താൻ

# ചിത്രരചന





# ചിത്രരചന





# ഓർമ്മകൾ

ബാല്യമാം വാതിലിൽ പോയി ഞാൻ മടങ്ങുകിൽ
എൻ ഓർമ്മകൾ ബാക്കിയായി
സാന്ത്വനമാകുമി ജീവിതപാതയിൽ അനുപദം
എന്നോർമ്മകൾ ബാക്കിയായി
നന്നായി അല്ലെങ്കിലും ഉച്ഛമിജ്ജീവിതം എത്രനാൾ
എത്രനാൾ ഓർമ്മയായി
നേരമില്ല പാഴ് വിചാരമില്ല
അമലമാമെന്നോർമ്മകൾ
ചാരുപോലാകിലെൻ നെഞ്ചിലായി ഓർമ്മകൾ
പാടെ നിറഞ്ഞു തുളുമ്പിടുമ്പോൾ
ഓർമ്മകൾ നിറയുമി വഴിത്താരയിൽ
നടപ്പാൻ ഏറെ ഞാൻ കൊതിപ്പൂ
ഓർമ്മകൾ........ഓർമ്മകൾ........ഓർമ്മകൾ
ഒരിക്കലും മായാത്ത എന്നോർമ്മകൾ

ലക്ഷ്മി രാജേഷ്
**10 B**

# <u>നവകേരളം എന്റെ ഭാവനയിൽ</u>

നവകേരളം എന്നാൽ പുതിയ കേരളം. പുതിയ കേരളം എന്നാൽ ഈ പ്രളയത്തിനുശേഷമുള്ള കേരളം. നമ്മുടെ കേരളം വളരെപ്രയാസം ഈ പ്രളയത്തിലൂടെ നേരിട്ടു. എന്നാലും നമ്മുടെ ഒരുമിച്ചുള്ള പ്രവർത്തനം കേരളത്തെ ഒരു പരിധിവരെ പിടിച്ചുനിർത്തുന്നു ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് കേരളത്തെ വിശേഷിപ്പിച്ചിരിക്കുന്നത് ഒരു കാലത്ത് നമ്മുടെ കേരളം വളരെ മനോഹരമായിരുന്നു. മനോഹരങ്ങളായ നദികൾ,സസ്യങ്ങൾ, കുന്നുകൾ, മലമേട്ടുകൾ, പക്ഷികൾ അങ്ങനെ സുന്ദരമായ ഒരു കേരളം നമുക്ക് ഉണ്ടായിരുന്നു.എന്നാൽ ഇപ്പോഴത്തെ കേരളം മനോഹാരിത നഷ്ടപ്പെട്ട ഒരു കേരളം അതിന്റെ കാരണം നാം തന്നെ. പ്രകൃതിയെ ചൂഷണം ചെയ്യും, മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവയുടെ അമിതമായ ഉപയോഗം പ്ലാസ്റ്റിക് മൂലവും നമ്മുടെ കേരളം ഇന്ന് നേരിടുന്ന വെല്ലുവിളി ഭയങ്കരമാണ്. ഇതിൽ നിന്ന് നമുക്ക് ഒരു മോചനം വേണ്ടേ?ഇനി നമ്മൾ വളരെയേറെ പരിശ്രമിച്ചെങ്കിലേ സാധ്യമാകുകയുള്ളൂ. എങ്കിൽ മാത്രമേ നവകേരളം എന്ന വാക്കുകൊണ്ട് അർത്ഥമാകുകയുള്ളൂ.പ്രകൃതിയെ സംരക്ഷിക്കുക, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക എന്നീ പ്രവർത്തനത്തിലൂടെ ഒരു പുതിയ കേരളം നമുക്ക് നിർമ്മിക്കാം.



# സഖി

ഞാനറിയാതെ എന്നിൽ കടന്നവൾ
എന്നിൽ നിറഞ്ഞു നിന്നവൾ
എന്നെ ഞാനാക്കിമാറ്റിയ പ്രീയസഖീ
എൻ ആനന്ദത്തിൽക്രൂടെ രമിച്ചവൾ
എൻ ഉയർച്ചതാഴ്ചകണ്ടുനിന്നവൾ
എന്നെ ഞാനാക്കിഉയർത്തിയ
എൻ ജീവനാം സർഗശക്തിയാണവൾ

*അഭിനവ് ബി*

***9A***

# കുസൃതി ചോദ്യങ്ങൾ



തലകുത്തി നിന്നാല് വലുതാകുന്നതാര് - ആറ് (6)

പരീക്ഷയുടെ അവസാനം എന്താണ് - ക്ഷ

മേക്കപ്പിടാത്ത മുഖം - തുറമുഖം

ഒരിക്കലും കുറയാത്തതെന്ത് - വയസ്സ്

സിഗരറ്റ് വലിച്ചാല് എന്ത് വരും - പുകവരും

പണക്കാരന് എന്നറിയിച്ച നടക്കുന്ന പക്ഷി - ostrich

വിശക്കുന്ന രാജ്യം ഏത് - ഹംഗറി

മഷിയുള്ള നിറമേത് - പിങ്ക് (p-ink)

Rat നെ പിടിക്കാത്ത Cat – കിറ്റ് ക്യാറ്റ്

കഴിക്കുവാന് കഴിയുന്ന നിറമേത് - ഓറഞ്ച്

# കൃതജ്ഞത

വർണ്ണശബളിതമായ ബാല്യകൗമാരങ്ങൾ
വിശാലമായ ഈ വിദ്യാലയാങ്കണത്തിൽ
ആടിത്തിമിർക്കുന്ന ഓരോ കുഞ്ഞുങ്ങളുടേയും
സർഗാത്മകതയെ തൊട്ടുണർത്താൻ
ശ്രമിച്ചിട്ടുണ്ട്.മികവുകൾ ഇല്ലെങ്കിലും അവരുടെ
ചില ഉണർവുകളാണ്
കഥ,കവിത,ലേഖനരൂപങ്ങളിൽ നമ്മൾ ഈ
താളുകളിൽ കണ്ടത് എക്കാലവും കാണപ്പെടുവാൻ
സാധിക്കുന്ന ഒരു ഓർമ്മപ്പുസ്തകമായി ഇതു മാറട്ടെ.
മനസ്സിന്റെ പ്രവർത്തനങ്ങളിൽ സഹായിച്ച
അധ്യാപകർ,ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ,ഏവരോടും ഉള്ള
നന്ദി...സ്നേഹം...കടപ്പാട്
ആദരപൂർവം....

ആലീസ് ജോർജ്ജ്
കെ.ജി ജൂലിയറ്റ്
(കൈറ്റ് മിസ്ട്രസുമാർ)


Thank you